## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2949 02.04.2013-ൽ മറുപടിയ്ക്ക്

## എല്ലാ നിയോജകമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് ആരംഭിക്കാനുള്ള പദ്ധതി

### ചോദ്യം

**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**

(എ) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് ആരംഭിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി പുതിയ ഓഫീസുകൾ എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

### മറുപടി

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**

(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ) , (ബി)& (സി):**

സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പി.ഡബ്ല്യൂ.ഡി സെക്ഷനുകളുടെ പുന:ക്രമീകരണം. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി നാറ്റ്പാക് വഴി പഠനം നടത്തുകയും നിയമസഭയിലെ ബാങ്കറ്റ് ഹാളിൽ വെച്ച് ബഹു.മുഖ്യമന്ത്രി, ബഹു. സ്പീക്കർ, മറ്റു മന്ത്രിമാർ, എം.എൽ.എ മാർ എന്നിവരുടെ മുമ്പാകെ ഒരു പ്രസന്റേഷൻ നടത്തിയിട്ടുള്ളതുമാണ്. പ്രസന്റേഷന്റെ സി.ഡി എല്ലാ എം.എൽ.എ മാർക്കും നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ പല എം.എൽ.എ മാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ലഭിച്ചു. എന്നാൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു സെക്ഷനെങ്കിലും വരുന്ന രീതിയിൽ പുന: ക്രമീകരണത്തിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ